## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 814 — 20.03.2013 ൽ മറുപടിയ്ക്ക്

## പുഴകൾ സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പുഴകൾ സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കേരളത്തിലെ പുഴകളെ സംരക്ഷിക്കുന്നതിനായി സമഗ്രപദ്ധതിയ്ക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളി എന്നീ നദികളിൽ ജലലഭ്യത ഉറപ്പ വരുത്തുന്നതിനും മാലിന്യനിർമ്മാർജ്ജനത്തിനും നദീതട അടിസ്ഥാനത്തിൽ നദീതീര വികസനത്തിനുമായുള്ള വിവിധ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന പക്ഷം പ്രസ്തുത പദ്ധതികൾ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;<br><br>(സി) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പുഴകളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (ബി) & (സി) പൊതുജനബോധവത്കരണ പ്രവർത്തനങ്ങൾ, നദീതീരവനവത്കരണം, നദീതീരസംരക്ഷണം, വെള്ളപ്പൊക്ക നിവാരണം, ജലസംഭരണം, കൃഷിക്കാവശ്യമായ വെള്ളമെത്തിക്കൽ, മാലിന്യനിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണം, മാലിന്യം പുഴയിൽ നിക്ഷേപിക്കുന്നത് തടയാൻ ആവശ്യമുള്ള സ്ഥലങ്ങളിൽ വേലി നിർമ്മിക്കൽ, ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ, ഉപ്പുവെള്ള പ്രതിരോധ പ്രവർത്തനങ്ങൾ, മണൽ വാരൽ നിയന്ത്രിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ, ജലസേചന പദ്ധതികളുടെ നവീകരണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (ഡി) പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളി എന്നീ നദികളെ സംരക്ഷിക്കുന്നതിനായി യഥാക്രമം 1222, 950, 807, 499 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ